ത്തിൽ ഗ്രന്ഥശാലാസംഘങ്ങളാണ് ഈ കോഴ്സുകൾ നടത്തേണ്ടതു്. സർവകലാശാലകളും നാഷണൽ ലൈബ്രറി തുടങ്ങിയ സ്ഥാപനങ്ങളും ഗ്രന്ഥശാലാ–വിജ്ഞാനവിതരണ–ശാസ്ത്രത്തിൽ ഗവേഷണവും പ്രത്യേക കോഴ്സുകളും നടത്തണം. ലൈബ്രേറിയന്മാർക്കു് നിരന്തരം വിദ്യാഭ്യാസത്തിനും, ജോലിക്കിടയ്ക്കു പരിശീലനത്തിനും ഏർപ്പാടുണ്ടാക്കണം.

ലൈബ്രേറിയന്മാരുടെ നിലവാരം ഉയർത്താനായി, അതാതു തലങ്ങളിൽ അവരുടെ ശമ്പളവും അന്തസ്സും വർദ്ധിപ്പിക്കണം.

ലൈബ്രറി കെട്ടിടങ്ങളും അവയിലെ ഉപകരണങ്ങളും ഭംഗിയുള്ളവയും ഉപയോഗത്തിനു പററിയവയുമായിരിക്കണം. ഭാവിയിലെ വളർച്ച മുൻകൂട്ടി കണ്ടുവേണം ലൈബ്രറി കെട്ടിടങ്ങളുണ്ടാക്കാൻ. ഗ്രന്ഥശാലാസംഘങ്ങൾക്കു ഫലപ്രദമായി പ്രവർത്തിക്കാൻ എല്ലാ സൗകര്യങ്ങളും നൽകണം. യുനെസ്കോ, ലൈബ്രറി സംഘടനകളുടെ അന്താരാഷ്ട്രീയ ഫെഡറേഷൻ (ഐ എഫ് എൽ എ), അന്താരാഷ്ട്രീയ ഡോക്യുമെൻറേഷൻ ഫെഡറേഷൻ (എഫ് ഐ ഡി) മുതലായ അന്താരാഷ്ട്രീയ സ്ഥാപനങ്ങളുമായി, ദേശീയലൈബ്രറിസംഘടനകൾ ലോകവിജ്ഞാനത്തിൻെറ തടസം കൂടാത്ത പ്രവാഹത്തിനായി, അതാതു തലത്തിൽ സഹകരിച്ചു പ്രവർത്തിക്കണം.

നിർദിഷ്ടമായ ദേശീയഗ്രന്ഥശാലാനയത്തിൻെറ കരടുരേഖയുടെ സംക്ഷേപമാണ് മുകളിൽ ചേർത്തതു്. നമ്മുടെ ഗ്രന്ഥശാലകളിലെ സക്രിയപ്രവർത്തകരും, അദ്ധ്യാപകരും, ഈ വിഷയത്തിൽ താല്പര്യമുള്ള പൊതുജനങ്ങളും ഈ കരടുരേഖ ശ്രദ്ധയോടെ പഠിക്കുകയും, അഭിപ്രായങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നതു നന്നായിരിക്കും.

(14 ജനുവരി, 1984)

# 45. സ്വൈരഭഞ്ജനം: പത്രപ്രവർത്തകർ ഒഴിവാക്കേണ്ട ഒരു കുററം

അന്വേഷണപ്രധാനമായ വാർത്താസംഭരണത്തെ ആസ്പദിച്ചുള്ള ലേഖനങ്ങളും (ഇൻവെസ്റ്റിഗേററിവ് റിപ്പോർട്ട്) ഫീച്ചറുകളും നമ്മുടെ പത്രങ്ങളിലും വാരികകളിലും സർവസാധാരണങ്ങളായിത്തീർന്നിരിക്കുകയാണല്ലൊ. മനുഷ്യതാല്പര്യമുണർത്തുന്ന ഒരു വാർത്ത (ഹ്യൂമൻ ഇൻടെറസ്റ്റ് സ്റ്റോറി) എങ്കിലും ദിനപ്പത്രങ്ങളുടെ ഒന്നാം പേജിൽ ഉണ്ടായേ കഴിയൂ എന്നും വന്നിരിക്കുന്നു. അഭിനേതാക്കളെന്ന നിലയിൽ നാംകൂടി പങ്കെടുക്കുന്നതും നമ്മുടെ ചുററും നിരന്തരം അരങ്ങേറിക്കൊണ്ടിരിക്കുന്നതുമായ 'മാനുഷികമഹാനാടക'ത്തെപ്പററി ആഴത്തിലുള്ള ഉൾക്കാഴ്ച തരുന്നതിനു് ഉപകരിക്കുന്നതെന്നനിലയിൽ പത്രപ്രവർത്തനത്തിലെ ഈ പുതിയ പ്രവണത സ്വാഗതാർഹംതന്നെ.

പക്ഷേ, ഈ അന്വേഷണാധിഷ്ഠിതലേഖനങ്ങളും മനുഷ്യതാല്പര്യവാർത്തകളും 'സ്വൈര'ത്തിനു് (പ്രൈവസി) ഉള്ള പൗരന്മാരുടെ അവകാശത്തെ പലപ്പോഴും ധ്വംസിക്കാറുണ്ടു്. ഈ അവകാശത്തെപ്പററി ഇന്ത്യയിൽ പൗരന്മാരോ പത്രപ്രവർത്തകരോ ഇനിയും വേണ്ടത്ര മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല പത്രപ്രവർത്തനം ജനദ്രോഹമായി മാറാതിരി

ക്കണമെങ്കിൽ, 'സ്വൈര'ത്തിനുള്ള ജനങ്ങളുടെ മൗലികാവകാശത്തെ (റൈററ് ടു പ്രൈവസി)പ്പററി കൂടുതൽ സൂക്ഷ്മമായ ധാരണ ജനക്കൾക്കിടയിൽ സാമാന്യമായും പത്രപ്രവത്തകർക്കിടയിൽ വിശേഷിച്ചും ഉളവാകേണ്ടിയിരിക്കുന്നു.

സ്വന്തംപേർ അച്ചടിച്ചുകാണാൻ ആഗ്രഹിക്കാത്ത ജനങ്ങളില്ലെന്ന വിചാരം പത്രപ്രവർത്തകർക്കു പൊതുവെ ഉണ്ട്. അടിസ്ഥാനരഹിതമാണ് ഈ വിശ്വാസം. അധികം ആളുകൾക്കും പ്രസിദ്ധിയുടെ വെളിച്ചത്തിൽ വരാൻ താല്പര്യമില്ല എന്നതാണു സത്യം. 'ഞങ്ങളെ വെറുതെ വിട്ടേക്കണേ!' എന്നാണ് അവർക്കു പ്രചാരണമാധ്യമങ്ങളോടുള്ള പ്രാത്ഥന. 'വെറുതെ വിടപ്പെടുന്നതിനു'' (ടു ബി ലെററ് എലോൺ) ഉള്ള ജനങ്ങളുടെ മൗലികാവകാശത്തെ ലംഘിക്കുന്ന പത്രലേഖകരും പത്രാധിപന്മാരും പത്രങ്ങളുടെ പ്രിൻറർമാരും പബ്ലീഷർമാരും ശിക്ഷാർഹമായ ഒരു കററമാണു പ്രവർത്തിക്കുന്നതു്. സ്വന്തം ഇഷ്ടപ്രകാരമല്ലാതെ പത്രങ്ങളിലൂടെ അനഭിലഷണീയമായ പ്രസിദ്ധിയിലേക്കു വലിച്ചിഴയ്ക്കപ്പെടുന്നവർക്കു്, വേണമെങ്കിൽ, സങ്കടപരിഹാരത്തിനു് കോടതിയെ സമീപിക്കാവുന്നതാണു്.

'മാനനഷ്ട'ത്തെ (ലൈബൽ)പ്പററിയല്ല ഇവിടെ സംസാരിക്കുന്നതു്. തനിക്കു് അപമാനകരമായ ഒരു വാർത്ത പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടാൽ, നഷ്ടപരിഹാരത്തിനുവേണ്ടി കോടതിയെ സമീപിക്കുകയെന്നതു് ഇന്ത്യയിലും സാധാരണമാണല്ലോ. പ്രസിദ്ധീകരിക്കപ്പെട്ട വാർത്തയിൽ അപമാനകരമായി ഒന്നുംതന്നെ ഇല്ലെങ്കിൽപ്പോലും തൻെറ സ്വൈരം (പ്രൈവസി) ഭഞ്ജിക്കപ്പെട്ടതായി പരാതിപ്പെട്ടു കോടതിയെ സമീപിക്കാനുള്ള പൗരൻെറ അവകാശമാണു് ഇവിടെ പ്രതിപാദ്യം.

സ്വൈരഭഞ്ജനം നാലു തരത്തിലാവാം:

1. കൈയിടൽ (ഇൻട്രൂഷൻ). വ്യക്തിയുടെ ഭൗതികമോ മാനസികമോ ആയ ഏകാന്തതയെ ഭഞ്ജിക്കലാണു് ഇതു്. രഹസ്യങ്ങൾ ചോർത്തിയെടുക്കുന്നതിനു് ഉപയോഗിക്കുന്ന നന്നെ ചെറിയ മൈക്രോഫോണുകൾ, ടേയ്പ് റിക്കോർഡറുകൾ മുതലായ ഉപകരണങ്ങളും, പത്രങ്ങളിലെ അന്വേഷണാധിഷ്ഠിതലേഖനങ്ങളും സാർവത്രികമായിത്തീർന്നതോടെ ഈ തരത്തിലുള്ള സ്വൈരഭഞ്ജനം നമ്മുടെ നാട്ടിലും വർദ്ധിച്ചുവരികയാണു്. പത്രത്തിൽ വാത്ത പ്രസിദ്ധീകരിക്കപ്പെട്ടില്ലെങ്കിൽക്കൂടി, 'കൈയിടലി'ലൂടെ സ്വൈരം ഭഞ്ജിക്കപ്പെട്ടാൽ, പൗരനു സങ്കടനിവാരണത്തിനായി കോടതിയെ സമീപിക്കാം.

'കൈയിടൽ' എന്ന കുററത്തിൻെറ സ്വഭാവം വ്യക്തമാക്കാൻ ഒരു ഉദാഹരണം പറയാം. എ. എ. ഡീററ്മൺ എന്നൊരാൾ ലോസ് ആഞ്ജലസിൽ കളിമണ്ണു്, വെള്ളം, പച്ചമരുന്നുകൾ എന്നിവ ഉപയോഗിച്ച് പ്രകൃതിചികിത്സ നടത്തിയിരുന്നു. ചികിത്സിക്കാൻ ലൈസൻസില്ലാത്ത ഇയാൾ ചികിത്സ നടത്തുന്നതു് ഒരു കുററമായിരുന്നു. ഈ കുററം തെളിയിക്കുന്നതിനുവേണ്ടി, പോലീസുകാരുടെ സഹകരണത്തോടെ 'ലൈഫ്'' മാസികയിലെ രണ്ടു റിപ്പോർട്ടർമാർ, രോഗികളായ ഭാര്യാഭത്താക്കന്മാരായി നടിച്ചു് ഡീററ്മണ്ണുമായി 1971—ൽ ഒരു സംവാദം നടത്തി. സംവാദസ്ഥലത്തു് ശബ്ദലേഖനോപകരണങ്ങൾ മുൻകൂട്ടി ഒളിച്ചു സ്ഥാപിച്ചിരുന്നു. സംവാദസമയത്തു് അവരുടെ ഫോട്ടോ എടുക്കാനും സ്വകാര്യമായി ഏർപ്പാടുചെയ്തിരുന്നു. ഇങ്ങനെ കിട്ടിയ തെളിവുകളുടെ അടിസ്ഥാനത്തിൽ, ലൈസൻസ് വാങ്ങാതെ ചികിത്സ നടത്തിയെന്ന കുററം ഡീററ്മണ്ണിൽ ആരോപിക്കപ്പെട്ടു. കൈയിടലിലൂടെ തൻെറ സ്വൈരം ഭഞ്ജിച്ചതിനു് ഡീററ്മൺ പത്രപ്രവത്തർക്കെതിരെ കോടതിയിൽ പരാതിപ്പെട്ടു. കോടതി പത്രപ്രവർത്തകരെ ശിക്ഷിക്കുകയും ചെയ്തു.

2. കൈയടക്കൽ (അപ്രോപ്രിയേഷൻ). അനുവാദം മുൻകൂട്ടി വാങ്ങാതെ ഒരാളുടെ ചിത്രമോ പേരോ പത്രപ്രവർത്തകൻ ഉപയോഗപ്പെടുത്തുമ്പോൾ 'കൈയടക്കൽ' എന്ന സ്വൈരഭഞ്ജനം സംഭവിക്കുന്നു. ഏതെങ്കിലും പൊതുപ്രകടനം നടത്തുന്ന അവസരത്തിൽ ഒരാളുടെ ചിത്രമെടുക്കുന്നതു് കുററമല്ല. അതിന്റെ പ്രസിദ്ധീകരണത്തിനു് അയാളുടെ അനുവാദം ആവശ്യവുമല്ല. കാരണം, വാർത്താപ്രാധാന്യം (ന്യൂസ്‌വാല്യൂ) മുൻനിർത്തിയാണു്, വ്യക്തിപരമായ ലാഭത്തിനുവേണ്ടിയല്ല, അത്തരം ചിത്രങ്ങൾ എടുക്കുന്നതും പ്രസിദ്ധപ്പെടുത്തുന്നതും. എന്നാൽ, ഒരാളുടെ ചിത്രം, അയാളുടെ സമ്മതംകൂടാതെ, സാധനങ്ങളുടെ പരസ്യങ്ങളിലോ പത്രത്തിന്റെ പ്രചാരം വർധിപ്പിക്കുന്നതിനായോ ഉപയോഗിച്ചാൽ, ചിത്രം എടുത്തതു് ഒരു പൊതുപ്രകടനത്തിൽവെച്ചായാലും, ചിത്രത്തിന്റെ ഉടമസ്ഥു് കോടതിയിൽപോയി നഷ്ടപരിഹാരം തേടാം. വാരികകളുടെ മുഖചിത്രമായി ഫോട്ടോ ഉപയോഗിക്കുമ്പോൾ ഇക്കാര്യം പത്രപ്രവർത്തകർ ശ്രദ്ധിക്കുന്നതു കൊള്ളാം.

3. സ്വകാര്യവസ്തുതകൾ പരസ്യമായി വെളിപ്പെടുത്തൽ (പബ്ലിക് ഡിസ്ക്ലോഷർ ഓഫ് പ്രൈവററ് ഫാക്ട്സ്), സ്വകാര്യസന്ദർഭങ്ങളെ മാത്രം ആശ്രയിച്ചു്, എതിർപ്പു തോന്നത്തക്ക പ്രസിദ്ധീകരണം നൽകുന്നതാണു് മൂന്നാമത്തെ തരത്തിൽപ്പെട്ട സ്വൈരഭഞ്ജനം. സാധാരണ സംവേദനശീലം (സെൻസിബിലിററി) ഉള്ള കൊള്ളാവുന്ന ഒരു മനുഷ്യനു് എതിർപ്പോ വെറുപ്പോ തോന്നിപ്പിക്കുന്ന സ്വകാര്യവസ്തുതകൾ പ്രസിദ്ധീകരിക്കുമ്പോഴാണു് ഈ കുററം ഉളവാകുന്നതു്. പക്ഷേ, ഈ കുററത്തിന്റെ നിർവചനത്തിൽ ഇപ്പോഴും വളരെയധികം അവ്യക്തത അവശേഷിക്കുന്നുണ്ടു്. കോടതികൾ, പൊതുവെ, ഇത്തരം കാര്യങ്ങളിൽ പത്രക്കാർക്കു് അനുകൂലമായാണുതാനും വിധി നൽകാറുള്ളതു്.

മിസ്സിസ് ഡോറോത്തി ബാർബർ എന്ന അമേരിക്കക്കാരിക്കു് അസാധാരണമായ ഒരു രോഗമുണ്ടായിരുന്നു. എത്ര ഭക്ഷിച്ചാലും അവർക്കു വിശപ്പു മാറുകയില്ല! 1942–ൽ ആസ്പത്രിയിൽ കിടക്കവേ, അവരുടെ ഒരു ചിത്രം, അനുവാദം വാങ്ങാതെ, 'ടൈം' വാരികയുടെ ഫോട്ടോഗ്രാഫർ എടുത്തു. 'പട്ടിണികിടക്കുന്ന തീററക്കാരി' (സ്റ്റാർവിങ് ഗ്ലട്ടൺ) എന്ന പേരിൽ അവരുടെ രോഗവിവരം, ചിത്രത്തോടൊപ്പം, 'ടൈം' വാരികയിൽ പ്രസിദ്ധീകരിക്കുകയുംചെയ്തു. തന്റെ സ്വൈരം ഭഞ്ജിച്ചതിനു് മിസ്സിസ് ബാർബർ 'ടൈ'മിനെതിരെ കേസുകൊടുത്തു. മിസ്സിസ് ബാർബർക്കു് 'ടൈം' വാരിക നഷ്ടപരിഹാരം നൽകണമെന്നു് കോടതി വിധിച്ചു. ഈ രോഗം പൊതുപ്രാധാന്യമുള്ള ഒരു വാർത്തതന്നെ. പക്ഷേ, അവരുടെ പേരു പറയാതെ രോഗത്തിന്റെ വിവരം നൽകുകയാണു് 'ടൈം' ചെയ്യേണ്ടിയിരുന്നതു് എന്നു് കോടതി അഭിപ്രായപ്പെട്ടു.

1975–ൽ അമേരിക്കയിലെ ജോർജിയ സ്റ്റേററിൽ ബലാത്സംഗത്തിനിരയായി മരിച്ച ഒരു പെൺകുട്ടിയെ സംബന്ധിച്ച വിവരങ്ങൾ പ്രക്ഷേപണംചെയ്ത ടെലിവിഷൻകമ്പനിക്കെതിരെ ആ കുട്ടിയുടെ പിതാവു് കോടതിയെ സമീപിച്ചപ്പോൾ, പക്ഷേ, വിധി വാദിക്കു് അനുകൂലമായിരുന്നില്ല. ഈ പെൺകുട്ടിയുടെ പേരു് ടെലിവിഷൻകമ്പനിക്കു കിട്ടിയതു് കോടതിയുടെ റിക്കാർഡുകളിൽനിന്നാകയാൽ ഇവിടെ പൗരന്റെ സ്വൈരഭഞ്ജനം സംഭവിച്ചിട്ടില്ലെന്നായിരുന്നു സുപ്രീംകോടതി വിധിച്ചതു്. അതായതു്, കോടതിയുടെ രേഖ 'സ്വകാര്യ'മല്ല; അതു പ്രസിദ്ധീകരിക്കുന്നതു് സ്വൈരഭഞ്ജനവുമല്ല.

നമ്മുടെ പത്രങ്ങളിലെ പല 'അന്വേഷണ'ഫീച്ചറുകളും 'മനുഷ്യതാല്പര്യ' വാർത്തകളും ഈ ഇനത്തിൽപ്പെട്ട 'സ്വൈരഭഞ്ജനം' ആകുന്നുണ്ടെന്നാണു് എനിക്കു തോന്നിയിട്ടുള്ളതു്.

4. പൊതുജനദൃഷ്ടിയിൽ അസത്യമായ വെളിച്ചത്തിൽ നിർത്തുക (ഫാൾസ് ലൈററ് ഇൻ പബ്ലിക് ഐ). മാനനഷ്ടത്തോട് (ലൈബൽ) വളരെ അടുത്തുവരുന്നതാണ് ഈ ഇനത്തിൽപ്പെട്ട സ്വൈരഭഞ്ജനം. ഒരാൾക്ക് അപമാനകരമല്ലെങ്കിൽകൂടി, അയാളെ അസത്യമായ വിധത്തിൽ ചിത്രീകരിക്കുന്ന വാർത്തകളും പ്രസ്താവങ്ങളും കോടതിയിൽ ചോദ്യംചെയ്യപ്പെടാവുന്നതാണ്. എന്നാൽ, തങ്ങൾ പ്രസിദ്ധീകരിക്കുന്ന വാർത്തയും പ്രസ്താവവും അസത്യമാണെന്ന വിശ്വാസത്തോടെയോ അവ സത്യമായാലും അസത്യമായാലും തങ്ങൾക്കൊന്നുമില്ലെന്ന വിചാരത്തോടെയോ ആണ് പത്രപ്രവർത്തകർ അവയ്ക്കു പ്രസിദ്ധീകരണം നൽകിയത് എന്ന് ബോധ്യപ്പെട്ടെങ്കിൽ മാത്രമേ കോടതി പത്രപ്രവർത്തകർക്കെതിരെ വിധി പുറപ്പെടുവിക്കാറുള്ളു. 'ആക്ച്വൽ മാലിസ്' (യഥാർത്ഥ—ദ്രോഹബുദ്ധി) സ്ഥാപിക്കപ്പെടണമെന്നർത്ഥം.

അമേരിക്കയിലെ ക്ലീവ്‌ലൻഡിലെ 'പ്ലെയ്ൻ ഡീലർ' എന്ന പത്രം പ്രസിദ്ധീകരിച്ച ഒരു ഫീച്ചർ തന്റെ സ്വൈരം ഭഞ്ജിച്ചതായി 1974-ൽ മിസ്സിസ് മാർഗരററ് കാൻട്രെൽ എന്ന ഒരു സ്ത്രീ കോടതിയിൽ പരാതിപ്പെട്ടു. കുടുംബനാഥനായ മിസ്റ്റർ കാൻട്രെല്ലിന്റെ മരണത്തെത്തുടർന്ന് കുടുംബത്തിൽ ഉളവായ കഷ്ടപ്പാടുകളെ വളരെയധികം അതിശയോക്തിയോടെ ഈ ഫീച്ചറിൽ ചിത്രീകരിച്ചിരുന്നു. ഈ ഫീച്ചറിൽ റിപ്പോർട്ടർ ഉദ്ധരിച്ച അഭിമുഖസംഭാഷണം തികച്ചും സാങ്കല്പികമാണെന്നും, അതു നടന്നതായി പറയപ്പെടുന്ന സമയത്ത് താൻ വീട്ടിലുണ്ടായിരുന്നില്ലെന്നും, അതിലെ ചോദ്യങ്ങളും, താൻ നൽകിയ വിധത്തിൽ അതിൽ ചേർത്തിട്ടുള്ള ഉത്തരങ്ങളും റിപ്പോർട്ടർ കെട്ടിയുണ്ടാക്കിയതാണെന്നും മിസ്സിസ് കാൻട്രെൽ വാദിച്ചു. കാൻട്രെൽകുടുംബത്തോട് കൂടുതൽ സഹാനുഭൂതി ഉളവാക്കാനാണെങ്കിൽപ്പോലും, അസത്യപ്രസ്താവനകൾ അറിഞ്ഞുകൊണ്ടു പ്രസിദ്ധപ്പെടുത്തിയ പത്രപ്രവർത്തകരെ കോടതി ശിക്ഷിച്ചു.

നമ്മുടെ വാരികകളിലെ പല ഫീച്ചറുകളിലെയും കഥാപാത്രങ്ങൾക്ക്, മിസ്സിസ് കാൻട്രെൽ ചെയ്തതുപോലെ, സ്വൈരഭഞ്ജനത്തിന് പത്രപ്രവർത്തകർക്കെതിരെ കോടതികളെ സമീപിക്കാവുന്നതാണെന്ന് ഞാൻ കരുതുന്നു.

പ്രസക്തവ്യക്തികളുടെ സമ്മതം മുൻകൂട്ടി വാങ്ങിയാണ് ചിത്രങ്ങളും വാർത്തകളും പ്രസിദ്ധീകരിക്കുന്നതെങ്കിൽ, 'സ്വൈരഭഞ്ജന'ത്തെപ്പററിയുള്ള പരാതി ഉത്ഭവിക്കുകയില്ല. സമ്മതം വാങ്ങാതെ പ്രസിദ്ധീകരിച്ച ചിത്രത്തിനും വാർത്തയ്ക്കും 'വാർത്താപ്രാധാന്യം' (ന്യൂസ്‌വർത്തിനെസ്) ഉണ്ടെന്നു തെളിയിക്കാൻ കഴിഞ്ഞാലും പത്രപ്രവർത്തകർക്ക് പ്രോസിക്യൂഷനിൽനിന്ന് ഒഴിവാകാം. വാർത്തയുടെ സ്വഭാവം, വിഷയം, അതു പ്രസിദ്ധീകരിച്ച രീതി, അതിൽ പറയുന്ന വ്യക്തികൾക്ക് അതുമൂലം ഉളവായിരിക്കാവുന്ന വൈക്ലബ്യം (എംബാരസ്‌മെൻറ്) മുതലായവയെ ആസ്പദമാക്കിയേ ഒരു വാർത്ത പൊതുപ്രാധാന്യമുള്ളതോ അല്ലയോ എന്നു തീരുമാനിക്കാൻ കഴിയൂ. വാർത്ത സത്യമാണെന്നും, പൊതുപ്രാധാന്യമുള്ളതാണെന്നും, അസത്യമാണെന്നറിഞ്ഞോ, സത്യമായാലും അസത്യമായാലും തങ്ങൾക്കൊന്നുമില്ലെന്ന മനോഭാവത്തോടെയോ അല്ല അതു പ്രസിദ്ധീകരിച്ചത് എന്നും സ്ഥാപിക്കുന്നതും, പത്രപ്രവർത്തകരെ സംബന്ധിച്ചിടത്തോളം, ശിക്ഷ കൂടാതെ കഴിക്കുന്നതിന് ഉപകരിക്കും.

സാധാരണപൗരന്മാരുടെ സ്വകാര്യജീവിതം വെളിപ്പെടുത്തി അവ

രുടെ സ്വൈരം ഭഞ്ജിക്കുന്നതു് ശിക്ഷാർഹമായ ഒരു കുററമാണെന്നു പത്രപ്രവർത്തകരും പൗരന്മാരും മനസ്സിലാക്കിയിരിക്കേണ്ടതു് ആവശ്യമാണു്. ക്ഷുദ്രമായ മഞ്ഞപ്പത്രപ്രവർത്തനം വളരെ വലിയ അളവോളം ഒഴിവാക്കാൻ ഈ ബോധം സഹായിക്കും.

(27 ആഗസ്റ്റ്, 1984)

# 46. എലിയും മനുഷ്യനും

മനുഷ്യന്റെ ജീവിതലക്ഷ്യങ്ങളെ പ്രാചീന ഭാരതീയർ 'പുരുഷാർത്ഥങ്ങൾ' എന്നു വിളിച്ചുവരുന്നു. ധർമം, അർത്ഥം, കാമം, മോക്ഷം എന്നിങ്ങനെ നാലു പുരുഷാർത്ഥങ്ങളെ ഭാരതീയചിന്തകരിൽ ചാർവാകർ ഒഴികെ മററെല്ലാവരും അംഗീകരിച്ചിരുന്നു. ചാർവാകർക്കു് അർത്ഥവും കാമവും മാത്രമായിരുന്നു പുരുഷാർത്ഥങ്ങൾ. സമൂഹത്തിന്റെ സുസ്ഥിതിക്കു് ഓരോ വ്യക്തിയും പുലർത്തേണ്ട സദാചാരമാണു് 'ധർമം.' സമൂഹനിരപേക്ഷവും തികച്ചും വൈയക്തികവുമായ ഒരു മൂല്യമത്രേ 'മോക്ഷം.' ശേഷിച്ച അർത്ഥവും കാമവും സമൂഹത്തിൽ ജീവിച്ചുകൊണ്ടു് മനുഷ്യവ്യക്തി ആർജിക്കേണ്ടവയാണു്. ധനവും അധികാരവും 'അർത്ഥ'മെന്ന സങ്കല്പത്തിൽ അടങ്ങിയിരിക്കുന്നു. ലൈംഗികസംതൃപ്തിയെന്നപോലെ, നാഗരികജീവിതത്തിൽനിന്നു ലഭിക്കേണ്ട ഭൗതികവും വൈകാരികവും സൗന്ദര്യാവബോധപരവുമായ എല്ലാ സൗഖ്യങ്ങളും 'കാമ'മെന്നതുകൊണ്ടു് ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു. സമൂഹത്തെ നിലനിർത്തുന്ന ധർമത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ അർത്ഥകാമങ്ങൾ നേടാൻ വ്യക്തി ശ്രമിക്കാവൂ എന്നതായിരുന്നു പൊതുവെ, പ്രാചീന ഭാരതീയരുടെ സാമൂഹ്യവീക്ഷണം. കൗടില്യന്റെ 'അർത്ഥശാസ്ത്ര'വും വാത്സ്യായനന്റെ 'കാമശാസ്ത്ര'വും ഊന്നിപ്പറയുന്ന ഒരു വസ്തുതയാണതു്. 'ധർമാർത്ഥശ്ച കാമശ്ച' എന്ന വ്യാസവാക്യം പ്രസിദ്ധമാകുന്നു.

ചെലവു പരമാവധി കുറച്ചു വരവു പരമാവധി വർധിപ്പിക്കുക എന്നതാണു് ധനകേന്ദ്രിതമായ ആധുനികസമൂഹത്തിൽ മിക്ക വ്യക്തികളുടെയും പ്രായോഗികതത്ത്വശാസ്ത്രം. ധനവ്യയം മാത്രമല്ല, സമയവ്യയം, പ്രയത്നവ്യയം എന്നിവയും 'ചെലവ്' എന്നതിൽ ഉൾപ്പെടുന്നു. പണത്തിന്റെയെന്നപോലെ അധികാരം, പ്രശസ്തി, സുഖം, സുരക്ഷിതത്വം മുതലായവയുടെയും നേട്ടം 'വരവ്' എന്നതുകൊണ്ടു് ഉദ്ദിഷ്ടമാണു്. ഇപ്രകാരം യുക്തിപൂർവം ചിന്തിക്കുന്ന എല്ലാവരുംതന്നെ, കഴിയുന്നത്ര കുറച്ചു മാത്രം ചെലവുചെയ്തു തങ്ങൾക്കു പരമാവധി വരവുണ്ടാക്കാനാണു ശ്രമിക്കുന്നതു്. ചെലവു കുറയ്ക്കാനും വരവു കൂട്ടാനും ശ്രമിക്കാത്തവനെ തലയ്ക്കു വെളിവില്ലാത്തവനായേ ആധുനികസമൂഹം വീക്ഷിക്കുകയുള്ളു. ആധുനിക ധനശാസ്ത്രത്തിന്റെ അസ്തിവാരം, കുറഞ്ഞ ചെലവിൽ കൂടുതൽ വരവു് ഉണ്ടാക്കുക എന്നതാണു്. വരവുണ്ടാക്കുന്ന പ്രക്രിയയിൽ 'ധർമ'മെന്ന മൂല്യത്തിനു് ഒരു പ്രസക്തിയുമില്ല.

പക്ഷേ, പാശ്ചാത്യധനശാസ്ത്രത്തിന്റെ ഉപജ്ഞാതാക്കളുടെ വീക്ഷണം ഇതായിരുന്നില്ല. ധനശാസ്ത്രജ്ഞരെന്നപോലെ ദാർശനികരുമായിരുന്നു ആഡംസ്മിത്തു്, കാറൽ മാക്സ്, ജോൺ മേനാർഡ് കെയ്ൻസ് എന്നിവർ. എന്നിട്ടെന്തു്? അവരുടെ അനന്തരഗാമികളു